പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .159 — 04.02.2013-ൽ മറുപടിക്ക്

## അപകടത്തിൽപ്പെടുന്ന മത്സ്യബന്ധനത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. കെ. വിജയൻ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മത്സ്യബന്ധന ബോട്ടുകളും കപ്പലുകളും കൂട്ടിയിടിച്ചുള്ള അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരത്തിലുള്ള എത്ര കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (ബി) ഇത്തരത്തിലുളള രണ്ട് കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) അവയുമായി ബന്ധപ്പെട്ട് മത്സ്യബന്ധന തൊഴിലാളികൾക്ക് നഷ്ടപരിഹാര തുക യഥാസമയം നൽകിയിട്ടുണ്ടോ;<br>(ഡി) ഇല്ലെങ്കിൽ നഷ്ട പരിഹാരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) യും (ഡി) യും 01.03.2012 ൽ ആലപ്പുഴയിൽ കപ്പലിടിച്ച് മരിച്ചവരുടെ കുടുംബങ്ങൾക്ക് ക്ഷേമനിധി ബോർഡ് വഴി നഷ്ടപരിഹാര തുക യഥാസമയം നൽകിയിട്ടുണ്ട്.<br>കൂടാതെ പരിക്കേറ്റ ശ്രീ. ജോസഫ്, ശ്രീ.മൈക്കൽ എന്നിവർക്ക് 5000 രൂപ വീതം ക്ഷേമനിധി ബോർഡ് വഴി ഉടനെ നൽകുകയുണ്ടായി. 16.01.13-ൽ ബേപ്പൂരിൽ മത്സ്യബന്ധന ബോട്ടിൽ കപ്പലിടിച്ച് പരിക്കേറ്റ ശ്രീ. റഫീക്ക് പി.പി., ശ്രീ. കെ. മുനീഷ്, ശ്രീ. മുഹമ്മദ് റാഫി പി.കെ., എന്നിവർക്ക് 2000 രൂപ വീതം ഫണ്ട് ബോർഡ് വഴി അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ